മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

(സംഗ്രഹം)

DDMCA കോഴ്സ് - റിസൾട്ട് ക്ലാസിഫിക്കേഷൻ സംബന്ധമായ റഗുലേഷൻ ഭേദഗതി - ബോർഡ് ഓഫ് സ്റ്റഡീസ് ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ ചെയർപേഴ്സന്റെ ശുപാർശ - അംഗീകരിച്ച് - ഉത്തരവാകുന്നു.

**അക്കാദമിക് വിഭാഗം**

സ.ഉ.നം. 1672/എIV/1/2019/അക്കാദമിക് പി.ഡി. ഹിൽസ്, തീയതി: 24.05.2019

വായിക്കുക:-

1. 09.10.2017-ലെ 5985/AIV/2/17/അക്കാദമിക് നമ്പർ സർവ്വകലാശാല ഉത്തരവ്.
2. 16.02.2019-ലെ അക്കാദമിക് കൗൺസിൽ യോഗ തീരുമാനം മിനിറ്റ്സ് ഇനം.

   നം. 56/Ac.19/185320.

**ഉത്തരവ്**

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ 2014-15 അക്കാദമിക വർഷം ആരംഭിച്ച DDMCA കോഴ്സ് റഗുലേഷനിലെ R.9(xii),R11(xii) പ്രകാരമുള്ള വ്യവസ്ഥകൾ സൂചന (1) ഉത്തരവ് പ്രകാരം ഭേദഗതി ചെയ്ത് സപ്ലിമെന്ററി/ഇംപ്രൂവ്മെന്റ് പരീക്ഷകൾക്ക് ലഭിക്കുന്ന മാർക്കിനനുസൃതമായി ഗ്രേഡ് നൽകാവുന്നതാണെന്ന് ഉത്തരവായിരുന്നു. എന്നിരുന്നാലും ഇതോടനുബന്ധിച്ച് ടി മാർക്ക് കൂടി പരിഗണിച്ച് റിസൾട്ട് ക്ലാസിഫിക്കേഷൻ നടത്താവുന്നതാണെന്ന രീതിയിൽ വ്യവസ്ഥകളിൽ ഭേദഗതി വരുത്തിയിരുന്നില്ല.

സൂചന (2) അക്കാദമിക് കൗൺസിലിൽ തീരുമാനപ്രകാരം 2017-ൽ നിലവിൽ IMCA കോഴ്സ് റഗുലേഷനിലെ ബന്ധപ്പെട്ട വ്യവസ്ഥകളിൽ ഭേദഗതി വരുത്തുകയും സപ്ലിമെന്ററി/ഇംപ്രൂവ്മെന്റ് പരീക്ഷകൾക്കു ലഭിക്കുന്ന മാർക്ക് റിസൾട്ട് ക്ലാസിഫിക്കേഷനും കൂടി പരിഗണിക്കാവുന്നതാണെന്നും ഉത്തരവായിരുന്നു. IMCA കോഴ്സ് റഗുലേഷനിൽ വരുത്തിയ ടി ഭേദഗതി DDMCA കോഴ്സിനും ബാധകമാക്കാവുന്നതാണെന്ന് ബോർഡ് ഓഫ് സ്റ്റഡീസ് ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (പി.ജി.) ചെയർപേഴ്സൻ ശുപാർശ ചെയ്യുകയുണ്ടായി. ബോർഡ് ഓഫ് സ്റ്റഡീസ് ചെയർപേഴ്സന്റെ ടി ശുപാർശ പരിഗണിച്ച ബഹു. വൈസ് ചാൻസിലർ (i/c) ആയത് 1985-ലെ മഹാത്മാഗാന്ധി സർവ്വകലാശാല നിയമം അദ്ധ്യായം III, 10(17) വകുപ്പ് പ്രകാരം അംഗീകരിച്ചിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഒപ്പ്**
**രമേഷ് നാരായൺ**
**അസിസ്റ്റന്റ് രജിസ്ട്രാർ (II) അക്കാദമിക്**
**രജിസ്ട്രാർക്കു വേണ്ടി**

പകർപ്പ്:-

1. വൈസ് ചാൻസിലറുടെ/പ്രൊ വൈസ് ചാൻസിലറുടെ പി.എസ് മാർ
2. രജിസ്ട്രാറുടെ/പരീക്ഷാ കൺട്രോളറുടെ പി.എ മാർ
3. ചെയർപേഴ്സൺ, ബോർഡ് ഓഫ് സ്റ്റഡീസ് ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (പി.ജി.)
4. ജെ.ആർ./ഡി.ആർ /എ.ആർ (പരീക്ഷ/അക്കാദമിക്)
5. EH IV/എസി.സി II/കണ്ടെന്റ് മാനേജ്മെന്റ് സെക്ഷൻ/റെക്കോർഡ്സ് സെക്ഷൻ

ഉത്തരവിൻ പ്രകാരം

Sd/-

സെക്ഷൻ ഓഫീസർ

ഫയൽ നം. എസി.എIV/01/ഇ.ഐ. XIV/2/171/2018